23
2021
ഡിസംബർ
വ്യാഴം
ധനു ൮

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 208 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-208 | പേജ് 4. വില 2.00 രൂപ




02 പാരമ്പര്യേതര ഊർജ്ജ മേഖലയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കും: മന്ത്രി
03 കാർഷിക മേഖലയിൽ സമഗ്ര പരിഷ്ക്കരണം നടത്തും: മന്ത്രി പി.പ്രസാദ്
04 മുഖം നോക്കാതെയുള്ള പോരാട്ടം

# മെഡിസെപ് പദ്ധതി ജനുവരി ഒന്നുമുതൽ




തിരുവനന്തപുരം: സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി'മെഡിസെപി'ന് മന്ത്രിസഭയുടെ അംഗീകാരം. ജനുവരി ഒന്നു മുതൽ പദ്ധതി തത്വത്തിൽ ആരംഭിക്കും.

ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച കേസ് നിലവിലുള്ളതിനാൽ കോടതിയുടെ അന്തിമവിധി അനുസരിച്ചാകും പദ്ധതി പൂർണമായി പ്രാബല്യത്തിൽ വരിക.

പദ്ധതിയിൽ അംഗങ്ങളായി നിശ്ചയിച്ചിരിക്കുന്ന എല്ലാ ജീവനക്കാർക്കും (അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ ഒഴികെ) പെൻഷൻകാർക്കും അംഗത്വം നിർബന്ധമാണ്.

നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സകൾക്ക് പണരഹിത ചികിത്സ നൽകും. സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ, പാർട്ട് ടൈം അധ്യാപകർ, എയ്ഡഡ് സ്കൂളുകളിൽ ഉൾപ്പെടെയുള്ള അധ്യാപക അനധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിൽ പദ്ധതിയിലെ അംഗങ്ങളാണ്. ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ ഇൻഷ്വറൻസ് പ്രീമിയം 500 രൂപയായിരിക്കും.

സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. മുൻ എംഎൽഎമാരെക്കൂടി പദ്ധതിയുടെ ഭാഗമാക്കാൻ മന്ത്രിസഭ തത്വത്തിൽ അംഗീകാരം നൽകി.

എംപാനൽ ചെയ്യപ്പെട്ട പൊതുസ്വകാര്യ ആശുപത്രികളിൽ മാത്രമേ മെഡിസെപ് പദ്ധതി പ്രകാരമുള്ള പരിരക്ഷ ലഭിക്കുകയുള്ളൂ. എന്നാൽ, ജീവനു ഭീഷണിയോ അപകടമോ ഉള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പരിരക്ഷ ലഭിക്കും.

ഒപി വിഭാഗ ചികിത്സകൾ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. അതിനാൽ കേരള ഗവൺമെൻറ് സെർവൻറ് മെഡിക്കൽ അറ്റൻഡൻറ് ചട്ടങ്ങൾക്കു വിധേയരായ എല്ലാ സർക്കാർ ജീവനക്കാർക്കും എല്ലാ സർക്കാർ ആശുപത്രികളിലെയും തിരുവനന്തപുരം ആർസിസി, ശ്രീചിത്ര, മലബാർ കാൻസർ സെൻറർ, കൊച്ചിൻ കാൻസർ സെൻറർ ഉൾപ്പെടെയുള്ള എല്ലാ സൂപ്പർ സ്പെഷാലിറ്റി ആശുപത്രികളിലെയും ഒപി ചികിത്സയ്ക്ക് നിലവിലുള്ള മെഡിക്കൽ റിഇന്പേഴ്സ്മെൻറ് സന്പ്രദായം തുടരും.

# പി.ടി. തോമസ് അന്തരിച്ചു



കൊച്ചി: കെപിസിസി വർക്കിംഗ് പ്രസിഡൻറും തൃക്കാക്കര എംഎൽഎയുമായ പി.ടി. തോമസ് (71) അന്തരിച്ചു. അർബുദബാധയെ തുടർന്ന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ 10.15 നായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് വൈകുന്നേരം 5.30ന് ഔദ്യോഗിക ബഹുമതികളോടെ രവിപുരം പൊതുശ്മശാനത്തിൽ.

ഇന്നലെ രാത്രി ഇടുക്കി ഉപ്പുതോടിലെ തറവാട്ടുവീട്ടിലെത്തിച്ച മൃതദേഹം ഇന്നു രാവിലെ 6.30ന് കൊച്ചി പാലാരിവട്ടം വയലാശേരി റോഡിലെ വസതിയിലെത്തിക്കും. 7.30 മുതൽ ഡിസിസി ഓഫീസിലും 8.30 മുതൽ 1.30 വരെ എറണാകുളം ടൗൺ ഹാളിലും 1.30 മുതൽ 4.30 വരെ തൃക്കാക്കര കമ്യൂണിറ്റി ഹാളിലും പൊതുദർശനം. രാഹുൽ ഗാന്ധി ടൗൺ ഹാളിൽ ആദരാഞ്ജലിയർപ്പിക്കും. പി.ടി. തോമസിൻറെ ആഗ്രഹപ്രകാരം കണ്ണുകൾ വെല്ലൂർ സിഎംസി ആശുപത്രിയിലേക്ക് ദാനം ചെയ്തു.

കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറിയും എഐസിസി അംഗവുമാണ്. തൊടുപുഴ, തൃക്കാക്കര മണ്ഡലങ്ങളിൽനിന്ന് രണ്ടുതവണ വീതം എംഎൽഎയും ഇടുക്കിയിൽനിന്ന് ഒരുവട്ടം എംപിയുമായി. കോൺഗ്രസ് മുഖപത്രം വീക്ഷണത്തിൻറെ ചീഫ് എഡിറ്ററായും മാനേജിംഗ് ഡയറക്ടറായും പ്രവർത്തിച്ചു. എംഎ, എൽഎൽബി ബിരുദധാരിയാണ്.

ഇടുക്കി ഉപ്പുതോട് പുതിയാപറമ്പിൽ തോമസ്അന്നമ്മ ദന്പതികളുടെ മകനായി 1950 ഡിസംബർ 12ന് ജനനം. തൊടുപുഴ ന്യൂമാൻ കോളജ്, തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ്, എറണാകുളം മഹാരാജാസ് കോളജ്, കോഴിക്കോട്, എറണാകുളം ഗവ. ലോ കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കെഎസ്യുവിലൂടെയായിരുന്നു രാഷ്ട്രീയപ്രവേശം. കെഎസ് യു ഇടുക്കി ജില്ലാ പ്രസിഡൻറ്, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡൻറ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ഇടുക്കി ഡിസിസി പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1980 മുതൽ കെപിസിസി, എഐസിസി അംഗമാണ്. കേരള യൂണിവേഴ്സിറ്റി സെനറ്റ് മെംബറായിരുന്നു.

1990ൽ ഇടുക്കി ജില്ലാ കൗൺസിൽ അംഗമായി. 1991ലും 2001ലും തൊടുപുഴയിൽനിന്നും 2016ലും 2021ലും തൃക്കാക്കരയിൽനിന്നും നിയമസഭയിലെത്തി. 1996ലും 2006ലും തൊടുപുഴയിൽ പരാജയപ്പെട്ടു. 2009ൽ ഇടുക്കിയിൽനിന്നു ലോക്സഭാംഗമായി. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളിലൂടെ കോൺഗ്രസിലും കേരള രാഷ്ട്രീയത്തിലും വേറിട്ടുനിന്നു. ഭാര്യ: ഉമ തോമസ് (ആസ്റ്റർ മെഡ്സിറ്റി). മക്കൾ: ഡോ. വിഷ്ണു, വിവേക് (നിയമവിദ്യാർഥി). മരുമകൾ: ഡോ. ബിന്ദു.

കണ്ണുകൾ ദാനം ചെയ്യണമെന്നും എറണാകുളം രവിപുരം പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കണമെന്നും പി.ടി. തോമസ് അന്ത്യാഭിലാഷമായി പറഞ്ഞിരുന്നു. ചിതാഭസ്മത്തിൻറെ ഒരു ഭാഗം ഉപ്പുതോടിലെ അമ്മയുടെ കല്ലറയിൽ നിക്ഷേപിക്കണം. മൃതദേഹത്തിൽ റീത്ത് വയ്ക്കരുത്. അന്ത്യോപചാര സമയത്ത് വയലാറിൻറെ 'ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം'എന്ന ഗാനം ആലപിക്കണമെന്നും അന്ത്യാഭിലാഷത്തിൽ രേഖപ്പെടുത്തിയിരുന്നു.

# എല്ലാ തെരഞ്ഞെടുപ്പുകൾക്കുമായി ഒറ്റ വോട്ടർപട്ടിക



ന്യൂഡൽഹി: രാജ്യത്ത് എല്ലാ തെരഞ്ഞെടുപ്പുകൾക്കുമായി ഒറ്റ വോട്ടർപട്ടിക തയാറാക്കാൻ പാർലമെൻറിൻറെ നിയമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശ. വിഷയത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ യോഗം വിളിക്കും. നിലവിൽ ദേശീയ തെരഞ്ഞെടുപ്പു കമ്മീഷനാണു പാർലമെൻറ് തെരഞ്ഞെടുപ്പിനും നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുമുള്ള വോട്ടർപട്ടികയുടെ ചുമതല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ വോട്ടർ പട്ടിക തയാറാക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനാണ്. ഇതിനു പകരം ഏകീകരിച്ച വോട്ടർപട്ടിക തയാറാക്കി എല്ലാ തെരഞ്ഞെടുപ്പുകളും ഇതിൻറെ അടിസ്ഥാനത്തിൽ നടത്തുക എന്നാണ് പുതിയ ശിപാർശ മുന്നോട്ടുവയ്ക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർമാരുടെ യോഗമായിരിക്കും ആദ്യം വിളിച്ചു ചേർക്കുക. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ മാർവഴി നിയമം കൊണ്ടുവരാനാണ് കേന്ദ്രം ആലോചിക്കുന്നതെന്നും റിപ്പോർട്ടുകളുണ്ട്.

എല്ലാ തെരഞ്ഞെടുപ്പുകൾക്കും ഒറ്റ വോട്ടർപട്ടിക എന്ന ശിപാർശയെ പ്രതിപക്ഷം എതിർക്കുകയാണ്. സംസ്ഥാനങ്ങളുടെ അവകാശം കവരുന്ന നിർദേശമാണ് ഇതെന്ന് പ്രതിപക്ഷം ആരോപിക്കുന്നു.

ആധാറും വോട്ടർ ഐഡിയും ബന്ധിപ്പിക്കാനുള്ള ബിൽ പാർലമെൻറിൻറെ ഇരുസഭകളും പാസാക്കിയിരുന്നു. വോട്ടെടുപ്പ് വേണമെന്ന പ്രതിപക്ഷ ആവശ്യം തള്ളിയാണ്, ആധാറും വോട്ടർ ഐഡിയും ബന്ധിപ്പിക്കാനുള്ള ബിൽ ലോക്സഭ ശബ്ദവോട്ടോടെ പാസാക്കിയത്. ബിൽ സ്വകാര്യതയ്ക്കുള്ള മൗലികാവകാശത്തിൻറെ ലംഘനമെന്ന് പ്രതിപക്ഷം ആരോപിച്ചു. ചില പ്രത്യേക കാരണങ്ങളാൽ ആധാർ ഹാജരാക്കിയില്ലെങ്കിലും വോട്ടർപട്ടികയിൽ പേര് ചേർക്കാം എന്നും ബിൽ പറയുന്നു. 'ഒറ്റ രാജ്യം ഒറ്റ തെരഞ്ഞെടുപ്പ് 'എന്ന ആശയം പ്രധാനമന്ത്രി നേരത്തേ മുന്നോട്ടുവച്ചിരുന്നതാണ്. ഇതിനു മുന്നോടിയായുള്ള നീക്കമാണ് ഒറ്റ വോട്ടർപട്ടിക എന്നും വിമർശനമുയരുന്നുണ്ട്.

## പി.എൻ. പണിക്കരുടെ വെങ്കല പ്രതിമ രാഷ്ട്രപതി അനാവരണം ചെയ്യും

പൂജപ്പുരയിലെ പി.എൻ. പണിക്കരുടെ വെങ്കല പ്രതിമ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഇന്ന് (ഡിസംബർ 23) അനാവരണം ചെയ്യും. കൊച്ചിയിൽ നിന്ന് രാവിലെ 11.05നു തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന രാഷ്ട്രപതി 11.30നു പ്രതിമ അനാവരണം നിർവഹിക്കും. തുടർന്ന് പൊതുസമ്മേളനത്തിൽ പങ്കെടുക്കും.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ, മേയർ ആര്യാ രാജേന്ദ്രൻ, വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, പ്രൊഫ. പി. ജെ. കുര്യൻ, പന്ന്യൻ രവീന്ദ്രൻ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാനും സി.ഇ.ഒയുമായ എൻ. ബാലഗോപാൽ എന്നിവർ പൊതുസമ്മേളനത്തിൽ പങ്കെടുക്കും.

പ്രതിമ നിർമിച്ച കെ.എസ്. സിദ്ധനു മുഖ്യമന്ത്രി പുരസ്കാരം നൽകും. ചടങ്ങിനു ശേഷം അദ്ദേഹം രാജ്ഭവനിലേക്കു പോകും. വൈകിട്ട് അഞ്ചിനു രാഷ്ട്രപതി പത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്നു രാജ്ഭവനിൽ തങ്ങുന്ന അദ്ദേഹം 24നു രാവിലെ 10.20നു ഡൽഹിക്കു മടങ്ങും.

പ്രതിമ അനാവരണ ചടങ്ങിനെത്തുന്ന രാഷ്ട്രപതിയെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രൊഫ. പി.ജെ. കുര്യൻ, എൻ. ബാലഗോപാൽ, പന്ന്യൻ രവീന്ദ്രൻ എന്നിവർ ചേർന്ന് സ്വീകരിക്കും.

# പരമ്പരാഗത വ്യവസായ മേഖലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈത്താങ്ങാവും: മന്ത്രി എം വി ഗോവിന്ദൻ

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനമായ കയർ വ്യവസായത്തിന് കൈത്താങ്ങാവുന്ന നടപടികളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നോട്ടുപോവുകയാണെന്നും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടുകൾക്ക് വേണ്ടി കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് ഉപയോഗിക്കാൻ നിർദേശം നൽകിയത് അതിന്റെ ഭാഗമായാണെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ചട്ടികളും ഗ്രോബാഗും കവറുകളുമാണ് ഉപയോഗിച്ച് വരുന്നത്. ഉപയോഗശൂന്യമാവുമ്പോൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയാണ് ഇവ. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ കൃഷി ചെയ്താൽ പാരിസ്ഥിതികമായ ഒരു പ്രശ്നവും ഉണ്ടാവാൻ സാധ്യതയില്ല. പരിസ്ഥിതി സൗഹൃദപരമായ നിലപാടിനൊപ്പം കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി കൂടിയാണ് സർക്കാർ ഈ തീരുമാനവുമായി മുന്നോട്ടുപോവുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടത്തിലും അല്ലാതെയും മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഏറോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിൽ മീഡിയനായി ഉപയോഗിക്കുന്ന കൊക്കോ ഗ്രീൻ, കയർ പിത്ത് കമ്പോസ്റ്റ് കൊക്കോ ഫെർട്ട്, കൊക്കോ പോട്ട് എന്നീ ഉൽപ്പന്നങ്ങൾ ടെൻഡറോ, കൊട്ടേഷനോ കൂടാതെ കയർ ഫെഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിനായും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. നിലവിലുള്ള മാർക്കറ്റ് റേറ്റിനെക്കാൾ കൂടുതൽ നിരക്ക് ഇല്ലെന്ന് ഉറപ്പുവരുത്തിയാവണം വിപണനം നടത്തേണ്ടതെന്ന് മന്ത്രി പറഞ്ഞു. ഭൂസംരക്ഷണത്തിനും തണ്ണീർത്തട പദ്ധതികളുടെ ഭാഗമായും നിലവിൽ കയർ ഭൂവസ്ത്രങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കയർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന പ്രവണത വളർത്തുന്നതിലൂടെ കയർ വ്യവസായത്തെയും അതുവഴി ഉപജീവനം നടത്തുന്ന തൊഴിലാളികളെയും സംരക്ഷിക്കാനാണ് തദ്ദേശ സ്വയംഭരണ വകുപ്പും സംസ്ഥാന സർക്കാരും ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

# പിങ്ക് പോലീസ് അപമാനിച്ച ബാലികയ്ക്ക് ഒന്നര ലക്ഷം നഷ്ടപരിഹാരം

കൊച്ചി: ആറ്റിങ്ങലിൽ പിങ്ക് പോലീസിൻറെ പരസ്യ വിചാരണയ്ക്കിരയായ എട്ടു വയസുകാരിക്ക് ഒന്നര ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

പിങ്ക് പോലീസിൻറെ നടപടി പെൺകുട്ടിയുടെ മൗലികാവകാശം ലംഘിക്കുന്ന തരത്തിലുള്ളതാണെന്ന് വിലയിരുത്തിയാണ് തീരുമാനം. ഹർജിക്കാരിക്ക് കോടതിച്ചെലവായി 25,000 രൂപ നൽകാനും ഉത്തരവിൽ നിർദേശമുണ്ട്.

മൊബൈൽ ഫോൺ മോഷ്ടിച്ചെന്ന് ആരോപിച്ച് പിങ്ക് പോലീസ് ഉദ്യോഗസ്ഥ രജിത അപമാനിച്ച സംഭവത്തിൽ 50 ലക്ഷം രൂപ നഷ്ടപരിഹാരം വേണമെന്നും ഈ പോലീസ് ഉദ്യോഗസ്ഥയ്ക്കെതിരേ നടപടി വേണമെന്നുമാവശ്യപ്പെട്ട് എട്ടു വയസുകാരി പിതാവ് മുഖേന നൽകിയ ഹർജിയിൽ ജസ്റ്റീസ് ദേവൻ രാമചന്ദ്രനാണ് വിധി പറഞ്ഞത്. നഷ്ടപരിഹാരം നൽകാനാവില്ലെന്ന സർക്കാർ നിലപാട് കോടതി തള്ളി.

പോലീസ് ഉദ്യോഗസ്ഥയ്ക്കെതിരേ ജില്ലാ പോലീസ് മേധാവി നിയമപരമായ അച്ചടക്ക നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥക്ക് പറയാനുള്ളതുകൂടി കേട്ടശേഷം നടപടി എടുക്കാനാണ് നിർദേശിച്ചിട്ടുള്ളത്.

അച്ചടക്കനടപടിയെടുക്കുന്നതുവരെ ഇവരെ ക്രമസമാധാനപാലന ചുമതലയിൽനിന്ന് മാറ്റി നിർത്തണമെന്നും പരിഷ്കൃത സമൂഹത്തിന് ചേരുന്ന വിധം ജനങ്ങളുമായി ഇടപെടാൻ പരിശീലനം നൽകണമെന്നും വിധിയിൽ പറയുന്നു. മൊബൈൽ മോഷ്ടിച്ചെന്നാരോപിച്ച് പോലീസ് ഉദ്യോഗസ്ഥ പെൺകുട്ടിയെയും പിതാവിനെയും അപമാനിച്ചെന്നാണ് പരാതി. മൊബൈൽ ഫോൺ പിന്നീട് പിങ്ക് പോലീസിൻറെ കാറിൽനിന്ന് കണ്ടെടുത്തിരുന്നു.

# പ്രലയ് മിസൈൽ പരീക്ഷണം വിജയം

ബലാസോർ: ഇന്ത്യയുടെ ഹ്രസ്വദൂര മിസൈലായ പ്രലയുടെ പരീക്ഷണം വിജയം. ഉപരിതലത്തിൽനിന്ന് ഉപരിതലത്തിലേക്ക് നയിക്കാവുന്ന ബാലിസ്റ്റിക് മിസൈലിൻറെ വിക്ഷേപണം വിജയകരമെന്ന് ഡിആർഡിഒ വൃത്തങ്ങൾ അറിയിച്ചു.

വളരെ കൃത്യതയോടെ ലക്ഷ്യസ്ഥാനത്തെത്തിയ മിസൈലിൻറെ എല്ലാ സംവിധാനങ്ങളും പൂർണമായി പ്രവർത്തിച്ചതായും അധികൃതർ അറിയിച്ചു.

ഒഡിഷയിലെ എപിജെ അബ്ദുൽ കലാം ദ്വീപിൽ നിന്ന് ബുധനാഴ്ച രാവിലെ പത്തരയോടെയാണ് മിസൈൽ വിക്ഷേപിച്ചത്.

350 മുതൽ 500 കിലോമീറ്റർ വരെ ദൂരപരിധിയിലുള്ള ലക്ഷ്യത്തെ തകർക്കാൻ മിസൈലിനു സാധിക്കും.

500 1000 കിലോഗ്രാം പേലോഡ് ശേഷിയുള്ള പ്രലയ് നിർമിക്കാൻ 333 കോടി രൂപയാണ് ചെലവായത്



പൊന്മുടിയിലെ പുതിയ ചിൽഡ്രൻസ് പാർക്ക് ശ്രീ.ഡി.കെ.മുരളി എം.എൽ.എ ഉദ്ഘാടനം ചെയ്തു

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയും പോളിഷ് ചേംബർ ഓഫ് സ്റ്റാറ്റിയൂട്ടറി ഓഡിറ്റേഴ്സും തമ്മിലുള്ള ധാരണാപത്രത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

ന്യൂഡൽഹി : ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയും (ഐസിഎഐ) പോളിഷ് ചേംബർ ഓഫ് സ്റ്റാറ്റിയൂട്ടറി ഓഡിറ്റേഴ്സും (പിഐബിആർ) തമ്മിൽ പരസ്പര സഹകരണം സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

മെമ്പർ മാനേജ്മെന്റ്, പ്രൊഫഷണൽ എത്തിക്സ്, ടെക്നിക്കൽ റിസർച്ച്, സിപിഡി, പ്രൊഫഷണൽ അക്കൗണ്ടൻസി പരിശീലനം, ഓഡിറ്റ് ക്വാളിറ്റി മോണിറ്ററിംഗ്, അക്കൗണ്ടിംഗ് വിജ്ഞാനത്തിന്റെ പുരോഗതി, പ്രൊഫഷണൽ, ബൗദ്ധിക വികസനം എന്നീ മേഖലകളിലെ പ്രവർത്തങ്ങളിലായിരിക്കും സഹകരണം.

നടപ്പാക്കൽ തന്ത്രവും ലക്ഷ്യങ്ങളും:

ബ്ലോക്ക്ചെയിൻ, സ്മാർട്ട് കരാർ സംവിധാനം, പരമ്പരാഗത അക്കൗണ്ടിംഗിൽ നിന്ന് ക്ലൗഡ് അക്കൗണ്ടിംഗിലേക്കുള്ള മാറ്റം തുടങ്ങി ഓഡിറ്റ്, അക്കൗണ്ടിംഗ് മേഖലകളിലെ നൂതന രീതികളുടെ പഠനത്തിലും പ്രയോഗത്തിലും സഹകരണം ശക്തിപ്പെടുത്തുകയാണ് നിർദ്ദിഷ്ട ധാരണാപത്രം ലക്ഷ്യമിടുന്നത്. ഐസിഎഐ, പിഐബിആർ, എന്നിവ തമ്മിൽ പ്രൊഫഷണൽ ഓർഗനൈസേഷനുകൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ, മാസികകൾ , മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ കൈമാറ്റം, ഓഡിറ്റ്, അക്കൗണ്ടിംഗ് എന്നിവയെക്കുറിച്ചുള്ള ലേഖനങ്ങൾ ഇരു കൂട്ടരുടെയും മാസികകളിലും വെബ്സൈറ്റുകളിലും പരസ്പര പ്രസിദ്ധീകരണത്തിലൂടെയും അഴിമതിക്കും കള്ളപ്പണം വെളുപ്പിക്കുന്നതിനുമെതിരെയുള്ള പോരാട്ടത്തിൽ സംയുക്ത സഹകരണം ഏറ്റെടുക്കുക തുടങ്ങിയവയും ലക്ഷ്യങ്ങളിൽപ്പെടും.

ഐസിഎഐയും പോളണ്ടിലെ പിഐബിആറും തമ്മിലുള്ള ധാരണാപത്രം, ഐസിഎഐ അംഗങ്ങൾക്ക് ഭാവിയിൽ പോളണ്ടിൽ പ്രൊഫഷണൽ രംഗത്ത് ഹ്രസ്വവും ദീർഘകാലവുമായ അവസരങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യതകൾ പ്രദാനം ചെയ്യുന്നതിലൂടെ യൂറോപ്പിൽ തങ്ങളുടെ കാൽപ്പാടുകൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.ഐസിഎഐ, പിഐബി ആർ അംഗങ്ങൾക്കായി പരസ്പര പ്രയോജനകരമായ ബന്ധം വികസിപ്പിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുക എന്നതാണ് ധാരണാപത്രത്തിന്റെ ലക്ഷ്യം. ധാരണാപത്രത്തിലൂടെ, അക്കൗണ്ടൻസി തൊഴിലിൽ കയറ്റുമതി സേവനങ്ങൾ നൽകിക്കൊണ്ട് പോളണ്ടുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താൻ ഐസിഎഐക്ക് കഴിയും.

ഐസിഎ അംഗങ്ങൾ രാജ്യത്തുടനീളമുള്ള വിവിധ സ്ഥാപനങ്ങളിൽ ഇടത്തരം മുതൽ ഉയർന്ന തലത്തിലുള്ള സ്ഥാനങ്ങൾ വഹിക്കുന്നു, കൂടാതെ ഒരു രാജ്യത്തെ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തീരുമാന/നയ രൂപീകരണ തന്ത്രങ്ങളെ സ്വാധീനിക്കാൻ കഴിയും. ലോകത്തിലെ 47 രാജ്യങ്ങളിലെ 73 നഗരങ്ങളിലെ ചാപ്റ്ററുകളുടെയും പ്രതിനിധി ഓഫീസുകളുടെയും വിപുലമായ ശൃംഖലയിലൂടെ ഐസിഎ ഈ രാജ്യങ്ങളിലെ പ്രചാരത്തിലുള്ള സമ്പ്രദായങ്ങൾ പങ്കുവെക്കുന്നതിലൂടെ ഒരു പ്രധാന പങ്ക് വഹിക്കാൻ പ്രതിജ്ഞാബദ്ധമാണ്, അതുവഴി ഇന്ത്യാ ഗവൺമെന്റിന് അവർ പിന്തുടരുന്ന മികച്ച രീതികൾ സ്വീകരിക്കാൻ കഴിയും.

വിദേശ നിക്ഷേപം ആകർഷിക്കുകയും ഇന്ത്യയിൽ അവരുടെ സജ്ജീകരണം സ്ഥാപിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഈ ധാരണാപത്രം കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയ്ക്കും പോളിഷ് ചേംബർ ഓഫ് സ്റ്റാറ്റിയൂട്ടറി ഓഡിറ്റേഴ്സിനും (പിഐബിആർ) ഗുണം ചെയ്യും.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎ) ഇന്ത്യയിലെ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ തൊഴിൽ നിയന്ത്രിക്കുന്നതിനായി 1949ലെ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്ട് പ്രകാരം സ്ഥാപിതമായ ഒരു നിയമപരമായ സ്ഥാപനമാണ്.

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ തൊഴിലിന്റെ ഉന്നമനത്തിൽ വിദ്യാഭ്യാസം, പ്രൊഫഷണൽ വികസനം, ഉയർന്ന അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, നൈതിക നിലവാരം എന്നിവയിൽ ഐസിഎഐ വളരെയധികം സംഭാവന ചെയ്തിട്ടുണ്ട്.

പോളിഷ് ചേംബർ ഓഫ് സ്റ്റാറ്റിയൂട്ടറി ഓഡിറ്റേഴ്സ് (പിഐബിആർ) 1991 ഒക്ടോബറിലെ നിയമം അനുസരിച്ച് സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റ് ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും 1992 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്ന നിയമപരമായ ഓഡിറ്റർമാരുടെ നിയമത്തിനും അനുസൃതമായി നിയമപരമായ ഓഡിറ്റർമാരുടെ ഒരു സ്വയംഭരണ സ്ഥാപനം രൂപീകരിച്ചു.

# പാരമ്പര്യേതര ഊർജ്ജ മേഖലയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കും: മന്ത്രി കെ. കൃഷ്ണൻകുട്ടി

ഊർജമിത്ര കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. 109 കേന്ദ്രങ്ങൾക്ക് സഹായമായി ഒരു കോടി ഇരുപത്തി എട്ട് ലക്ഷം രൂപയാണ് വിതരണം ചെയ്തത്. സംസ്ഥാനത്ത് ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്കും, സ്ഥാപനങ്ങൾക്കും ഈ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക അറിവും, സേവനവും ലഭ്യമാക്കുന്നത് ഇതിന്റെ വളർച്ചയ്ക്ക് വളരെ സഹായകരമാകും. സൗരോർജ്ജത്തെ നമ്മുടെ ഊർജ്ജ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. വീടുകൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ സൗരോർജ്ജ സംവിധാനങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഊർജമിത്ര കേന്ദ്രങ്ങൾക്ക് സഹായിക്കാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിന് ഊർജ്ജമിത്ര കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. കേരളം ലക്ഷ്യമിടുന്ന 3,000 മെഗാവാട്ട് സൗരോർജ സ്ഥാപിതശേഷി നേടാൻ മേൽക്കൂരകളിൽ 10 ലക്ഷം പ്ലാന്റുകളെങ്കിലും സ്ഥാപിക്കേണ്ടതുണ്ട് . ഇതിനായി ഏകദേശം 40 ലക്ഷം മനുഷ്യ ദിനമെങ്കിലും ആവശ്യമാണ്. ഇത് കണക്കാക്കിയാൽ ഏകദേശം 5,000 സാങ്കേതിക പരിശീലനം ലഭിച്ചവരുടെ സേവനം അനിവാര്യമാണ്. ഇവയുടെ പരിപാലനം കൂടി കണക്കിലെടുത്താൽ ഇതിൽ കൂടുതൽ വരും. ഇതിനായി ടെക്നീഷ്യ ർക്കുള്ള പ്രത്യേക പരിശീലന പരിപാടി അനെർട്ട് മുഖേന സംഘടിപ്പിക്കും. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ദാതാക്കളുടെ സംഗമം നടത്തി ജോലി സാധ്യത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കും. അനെർട്ടും ഈരംഗത്തു പ്രവർത്തിക്കുന്ന വ്യവസായ സംരംഭകരും സംയുക്തമായാണ് പരിപാടി സംഘടിപ്പികയെന്ന് എന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ നടന്ന ചടങ്ങിൽ അനെർട്ട് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ നരേന്ദ്രനാഥ് വേലുരി അധ്യക്ഷത വഹിച്ചു. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി. സി. അനിൽകുമാർ, ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, സി.എം.ഡി ഡയറക്ടർ ഡോ. ജി. സുരേഷ്, അനെർട്ട് ചീഫ് ടെക്നിക്കൽ മാനേജർ അനീഷ് എസ് പ്രസാദ്, അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ പി. ജയചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.

# നോളജ് ഇക്കോണമി മിഷൻ തൊഴിൽ മേള: 2,460 ഉദ്യോഗാർഥികൾ ഷോർട് ലിസ്റ്റിൽ

കേരള നോളജ് ഇക്കോണമി മിഷനും കെഡിസ്കും ചേർന്ന് നേരിട്ടു നടത്തുന്ന തൊഴിൽമേളകളുടെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഒന്നാംഘട്ടം പൂർത്തിയായപ്പോൾ 2,460 ഉദ്യോഗാർഥികളെ വിവിധ കമ്പനികൾ ഷോർട് ലിസ്റ്റ് ചെയ്തു. ഇവർക്ക് വൈകാതെ കമ്പനികൾ നേരിട്ട് ഓഫർ ലെറ്റർ നൽകും. ആകെ 3,876 ഉദ്യോഗാർഥികൾ മേളയിൽ പങ്കെടുത്തു. തിരുവനന്തപുരം ജില്ലയിൽ ഇന്റർവ്യൂവിൽ പങ്കെടുത്ത 960 പേരിൽ 668 പേരും കൊല്ലം ജില്ലയിൽ പങ്കെടുത്ത 1,423 ൽ 794 പേരും പത്തനംതിട്ട ജില്ലയിൽ 680 ൽ 379 പേരുമാണ് ലിസ്റ്റുകളിൽ ഇടം പിടിച്ചത്. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കായി തിരുവനന്തപുരത്ത് നടന്ന മേളയിൽ പങ്കെടുത്ത 813 പേരിൽ 619 പേരേയും ഷോർട് ലിസ്റ്റ് ചെയ്തു. തിരുവനന്തപുരത്ത് 101 കമ്പനികളും കൊല്ലത്ത് 74 കമ്പനികളും പത്തനംതിട്ടയിൽ 43 കമ്പനികളുമാണ് തൊഴിൽ ദാതാക്കളായി എത്തിയത്. കരിയർ ബ്രേക്കു വന്ന വനിതകൾക്കുള്ള പ്രത്യേക തൊഴിൽ മേളയിൽ 34 കമ്പനികളും പങ്കെടുത്തു.

മറ്റു ജില്ലകളിലെ തൊഴിൽ മേളകൾ ജനുവരിയിൽ പൂർത്തിയാകും. ജനുവരി 10 ന് കോഴിക്കോടും 16ന് എറണാകുളത്തും കരിയർ ബ്രേക്ക് വന്ന വനിതകൾക്കായി മാത്രമുള്ള മേളകളും നടക്കും. ജില്ലാതലത്തിൽ നടക്കുന്ന നേരിട്ടുള്ള തൊഴിൽ മേളയ്ക്കുശേഷം 2022 ജനുവരി അവസാനം ഓൺലൈനായി നടത്തുന്ന തൊഴിൽ മേളയിലും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി കമ്പനികൾ പങ്കെടുക്കും. അഞ്ചുവർഷം കൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ജനുവരിയോടെ പതിനായിരം പേർക്ക് ജോലി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജെന്റ് സിസ്റ്റം (ഉണങ്ങട) എന്ന പ്ലാറ്റ്ഫോം വഴിയാണ് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് സർക്കാർ അവസരമൊരുക്കുന്നത്. നൈപുണ്യവും വൈദഗ്ധ്യവും ഉള്ള തൊഴിലാളികളെയും അവരുടെ സേവനം ആവശ്യമുള്ള തൊഴിൽ ദാതാക്കളെയും ഒരു കുടക്കീഴിൽ കൊണ്ടു വരികയാണ് മേളയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. തൊഴിൽ മേളകളിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോബ് റെഡിനെസ്സ്, ഇന്റർവ്യൂ സ്കിൽ എന്നിവ മുൻനിർത്തി മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള സൗജന്യ പരിശീലനം കെഡിസ്ക്കും കുടുംബശ്രീയുടെ സ്കിൽ വിഭാഗവും ചേർന്ന് ഒരുക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് സിീംഹലറഴലാശ ശൈീ.സല്യമഹമ.ഴീ.ശി ൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2737881.

# സംരംഭകരെ സഹായിക്കാൻ സർക്കാരിന്റെ സഹായഹസ്തം എന്നുമുണ്ടാകും: മന്ത്രി കെ.എൻ. ബാലഗോപാൽ

പുതിയ ആശയങ്ങളുമായി വരുന്ന സംരംഭകരെ സഹായിക്കാനായി സംസ്ഥാന സർക്കാരിന്റെ സഹായ ഹസ്തങ്ങൾ എന്നുമുണ്ടാകുമെന്നു ധനമന്ത്രി കെ.എൻ. ബാലഗോപാൽ. സാധാരണക്കാർക്കു തൊഴിലും വരുമാനവും സൃഷ്ടിക്കുക എന്ന പരമപ്രധാന ദൗത്യം നിർവഹിക്കാൻ പുതുസംരംഭങ്ങൾ കൂടുതലായി ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ രണ്ടാം പതിപ്പിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ(കെ.എഫ്.സി) നിലവിൽ 4,500 കോടി രൂപയോളം വായ്പ നൽകിയിട്ടുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഇത് 10,000 കോടി രൂപയിലേക്കെത്തിക്കുക എന്നതാണു ലക്ഷ്യം. ജനസൗഹാർദമായി ഈ ദൗത്യം നിർവഹിക്കാൻ കെ.എഫ്.സിക്കു കഴിയണം. ഇതിനായി കൂടുതൽ നൂതന പദ്ധതികൾ കെ.എഫ്.സി. ആവിഷ്കരിക്കണം. കാർഷികോത്പാദന രംഗത്തും നിർമാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ ചെറുകിട യന്ത്രങ്ങൾ നിർമിക്കുന്ന വ്യവസായത്തിൽ സ്റ്റാർട്ടപ്പുകൾ മുന്നോട്ടുവരണം. ഇത്തരം വ്യവസായങ്ങളെ വികസിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധവയ്ക്കുമെന്നും മന്ത്രി പറഞ്ഞു.

ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കു കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥയിലും വായ്പ ലഭ്യമാക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണു മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ രണ്ടാം പതിപ്പ് ആരംഭിച്ചിരിക്കുന്നത്. ഇതു പ്രകാരം സംരംഭകർക്ക് ഒരു കോടി രൂപ വരെ അഞ്ചു ശതമാനം പലിശ നിരക്കിൽ വായ്പ നൽകും. മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു. കെ.എഫ്.സി. ചെയർമാനും മാനേജിങ് ഡയറക്ടറുമായ സഞ്ജയ് കൗൾ, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കെ.എഫ്.സി എക്സിക്യൂട്ടിവ് ഡയറക്ടർ പ്രേംനാഥ് രവീന്ദ്രനാഥ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ ഒഴിവ്

നെയ്യാറ്റിൻകര കുളത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ഫിറ്റിംഗ്, കാർപെന്ററി, സർവേ എന്നീ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ട്രേഡ്സ്മാൻമാരെ ആവശ്യമുണ്ട്. എസ്.എസ്.എൽ.സിയും ബന്ധപ്പെട്ട ട്രേഡിൽ ഐ.ടി.ഐ യുമാണ് യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി 27 ന് രാവിലെ 10 ന് നെയ്യാറ്റിൻകര കുളത്തൂർ ഗവ: ടെക്നിക്കൽ ഹൈസ്കൂൾ ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0471 2210671, 9400006461.

## അനുശോചിച്ചു

പി ടി തോമസ് എം.എൽ.എയുടെ അകാല നിര്യാണത്തിൽ നിയമസഭാ പബ്ലിക് കമ്മിറ്റി (പി.എ.സി) യുടെ യോഗം അനുശോചനം രേഖപ്പെടുത്തി. എം.എൽ.എ.മാരായ സണ്ണി ജോസഫ്, മാത്യു ടി തോമസ്, പി എസ് സുപാൽ, എ എൻ ഷംസീർ, തോമസ് കെ തോമസ് എന്നിവർ യോഗത്തിൽ അദ്ദേഹത്തെ അനുസ്മരിച്ച് സംസാരിച്ചു.

## തൊഴിൽ നിയമം കരട്: പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കാം

കേന്ദ്ര സർക്കാർ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020, ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആൻഡ് വർക്കിംഗ് കണ്ടീഷൻസ് കോഡ്2020, വേജ് കോഡ് 2019 എന്നിവയുടെ കരട് ഗസറ്റിൽ പ്രസിദ്ധീകരിച്ചത് പരിശോധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കാം.

സോഷ്യൽ സെക്യൂരിറ്റി കോഡ്2020, ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്2020 എന്നിവയിലെ അഭിപ്രായം സെക്രട്ടറി തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഫോൺ: 04712518097) എന്ന വിലാസത്തിലോ, labour.dsection@gmail.com ലോ നൽകാം. വേജ് കോഡ് 2019 സംബന്ധിച്ച് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഫോൺ: 04712518998) എന്ന വിലാസത്തിലോ labouredepartment@gmail.com ലോ അറിയിക്കണം.

45 ദിവസത്തിനുള്ളിൽ അഭിപ്രായങ്ങൾ അറിയിക്കണം.

## കരിയർ ബ്രേക്ക് വന്ന വനിതകൾക്ക് തൊഴിൽമേള സംഘടിപ്പിച്ചു

കേരള നോളജ് ഇക്കണോമി മിഷൻ കരിയർ ബ്രേക്ക് വന്നിട്ടുള്ള വനിതകൾക്കായി സംഘടിപ്പിച്ച തിരുവനന്തപുരം മേഖലാതല തൊഴിൽമേള തിരുവനന്തപുരം ജില്ലാ കളക്ടർ നവജോത് ഖോസ ഉദ്ഘാടനം ചെയ്തു. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജശ്രീ മുഖ്യാതിഥിയായിരുന്നു. പൂജപ്പുര എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സംഘടിപ്പിച്ച പരിപാടിയിൽ ആയിരത്തോളം വനിതകളും 40 ഓളം കമ്പനികളും പങ്കെടുത്തു.

# ആലപ്പുഴയിൽ വനിത മെസഞ്ചർ തസ്തികയിൽ ഒഴിവ്

ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്നതിനുള്ള മെസ്സഞ്ചർ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ത്രീ ഉദ്യോഗാർഥികൾക്ക് വാക്ക്ഇൻഇന്റർവ്യൂ നടത്തും. നിയമനം ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ്.

പത്താം ക്ലാസ് പാസ്സായിരിക്കണം. പ്രായം 25 വയസിനും 45 വയസിനും ഇടയ്ക്കായിരിക്കണം. സമാന ജോലിയിൽ പ്രവൃത്തിപരിചയം വേണം. ജില്ലയിലുടനീളം യാത്ര ചെയ്യാൻ തയ്യാറായിരിക്കണം.

താൽപര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ കോപ്പി, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം 30ന് രാവിലെ 11ന് ആലപ്പുഴ തത്തംപള്ളി മിനി സിവിൽ സ്റ്റേഷന്റെ ആറാംനിലയിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന.പി.ഒ, തിരുവനന്തപുരം. ഫോൺ: 04712348666, ഇമെയിൽ: keralasamakhya@gmail.com, വെബ്സൈറ്റ്: www.keralasamakhya.org.

# സന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗിൽ ഗസ്റ്റ അധ്യാപക ഒഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സെന്ററുകളിൽ പ്രിന്റിംഗ് ടെക്നോളജി വിഷയത്തിലേക്ക് ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. അപേക്ഷകർക്ക് ബന്ധപ്പെട്ട വിഷയത്തിൽ പി.ജി/ ഡിഗ്രി/ ത്രിവൽസര എൻജിനിയറിങ് ഡിപ്ലോമ യോഗ്യതയും പ്രവൃത്തിപരിചയവും വേണം. വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ ഡിസംബർ 31ന് വൈകിട്ട് അഞ്ചിന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471 2474720, 04712467728. വെബ്സൈറ്റ്: ००० .രമുസേല്യമഹമ.രീ.

# കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഡിസംബർ 27, 28, 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സിറ്റിംഗ് നടത്തും. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും സിറ്റിംഗിൽ പങ്കെടുക്കും. തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്താണ് സിറ്റിംഗ്. രാവിലെ 10 മണി മുതൽ സിറ്റിംഗ് ആരംഭിക്കും.

ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണം.

സിറ്റിംഗിൽ ഹാജരാകുന്നവർ നിർബന്ധമായും കോവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കണം.

# സ്വർണ വില കുറഞ്ഞു

കൊച്ചി: സ്വർണ വില വീണ്ടും കുറഞ്ഞു. പവന് 120 രൂപയും ഗ്രാമിന് 15 രൂപയുമാണ് ഇന്ന് താഴ്ന്നത്. ഇതോടെ പവന് 36,120 രൂപയും ഗ്രാമിന് 4,515 രൂപയുമായി. ആഭ്യന്തര വിപണിയിൽ തുടർച്ചയായ രണ്ടാം ദിവസമാണ് വില താഴുന്നത്.



# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 138.96 കോടി പിന്നിട്ടു

കഴിഞ്ഞ 24 മണിക്കൂറിൽ 57,05,039 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 138.96 കോടി (1,38,95,90,670) കടന്നു. 1,47,11,227 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 6,906 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,42,01,966 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.40% 2020 മാർച്ച് മുതൽ ഏറ്റവും ഉയർന്ന നിരക്ക്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 55 ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 15,000ത്തിൽ താഴെയാണ്.

കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 6,317 പേർക്കാണ്. നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 78,190 പേരാണ് 575 ദിവസത്തെ ഏറ്റവും കുറഞ്ഞ കണക്ക്. ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.22 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 12,29,512 പരിശോധനകൾ നടത്തി. ആകെ 66.73 കോടിയിലേറെ (66,73,56,171) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.58 ശതമാനമാണ് 38 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.51 ശതമാനമാണ്. കഴിഞ്ഞ 79 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 114 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

# കാർഷിക മേഖലയിൽ സമഗ്ര പരിഷ്ക്കരണം നടത്തും: മന്ത്രി പി.പ്രസാദ്

തിരു: കേരളത്തിന്റെ കാർഷിക മേഖലയിൽ സമഗ്രമായ പരിഷ്ക്കരണം ലക്ഷ്യമിട്ടാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നീങ്ങുന്നതെന്ന് മന്ത്രി പി.പ്രസാദ് ചൂണ്ടിക്കാട്ടി. കഴിഞ്ഞ 3 ദിവസങ്ങളിലായി തിരുവനന്തപുരത്ത് നടക്കുന്ന കേരള അഗ്രിക്കൾച്ചറൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ (കാംസഫ്) സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയിൽ ഉണ്ടാകുന്ന ഏത് പ്രതിസന്ധിയും കേരളത്തെയാകെ പ്രതികൂലമായി ബാധിക്കും. ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പ് എന്ന നിലയിൽ കർഷകന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കും. നമുക്കാവശ്യമുള്ള 95 ശതമാനം ഭക്ഷണത്തിന്റെ ഉറവിടവും കൃഷിയിൽ നിന്നാണ്. കൃഷി ഇല്ലാതെ വന്നാൽ സർവ്വ നാശമായിരിക്കും ഫലം. കൃഷി ഉണ്ടായിട്ട് 10,000 കൊല്ലമായിട്ടേ ഉള്ളൂ. ഏറ്റവും സുപ്രധാനമായ കണ്ടുപിടുത്തമായി അത് നിലനിൽക്കുന്നു. കൃഷി ഇല്ലാതായാൽ സംഭവിക്കാൻ പോകുന്നത് സർവ്വ നാശമായിരിക്കും. ഐ.പി.സി.സി റിപ്പോർട്ട് പ്രകാരം പാരിസ്ഥിതികമായി കേരളം അത്ര വലിയ സുരക്ഷിത മേഖലയിലല്ല. അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങളും ഉരുൾപ്പൊട്ടലുകളും മണ്ണിന്റെ ഘടനയെ ബാധിക്കുന്നതു വഴി കൃഷിയേയും ഭക്ഷ്യോൽപ്പാദനത്തെയും പ്രതികൂലമായി ബാധിക്കുന്നു.

കർഷകരുമായുള്ള നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ കൃഷി വകുപ്പിലെ ഓരോ ജീവനക്കാരും പ്രതിജ്ഞാബദ്ധരാണ്. ഇതിനായി ജീവനക്കാരുടെ മാനസിക സമീപനം മാറണം. കർഷകരെ സഹായിക്കാനുള്ള പ്രത്യേക ഉത്തരവാദിത്തം കൃഷി വകുപ്പിലെ ജീവനക്കാർ ഏറ്റെടുക്കണം. കർഷക പ്രശ്നങ്ങൾ ലഘൂകരിക്കാനായി സ്മാർട്ട് കൃഷി ഭവനുകൾ ആരംഭിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ഇതിലൂടെ കർഷകരെ സ്മാർട്ട് കർഷകരാക്കാൻ സാധിക്കും. ഈ പ്രതിസന്ധി ഘട്ടത്തിൽ കർഷകർക്ക് പൂർണ്ണ പിന്തുണ നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. സംഘടിക്കുക എന്നത് കേവലം സേവനവേതന കാര്യങ്ങളിൽ മാത്രമാകരുതെന്ന് മന്ത്രി പറഞ്ഞു. കാംസഫ് സംസ്ഥാന പ്രസിഡന്റ് എൻ.കെ.സതീഷ് അദ്ധ്യക്ഷനായിരുന്നു. സ്വാഗത സംഘം ചെയർമാൻ മാങ്കോട് രാധാകൃഷ്ണൻ എക്സ് എം.എൽ.എ, ജോയിന്റ് കൗൺസിൽ സംസ്ഥാന ട്രഷറർ കെ.പി.ഗോപകുമാർ, സെക്രട്ടേറിയറ്റംഗങ്ങളായ എം.എം.നജിം, പി.ഹരീന്ദ്രനാഥ്, സംസ്ഥാന കമ്മിറ്റിയംഗം വി.കെ.മധു, സൗത്ത് ജില്ലാ സെക്രട്ടറി ജെ.ശിവരാജൻ, കാംസഫ് സംസ്ഥാന സെക്രട്ടറി അനു.കെ.ബി, സെക്രട്ടേറിയറ്റംഗങ്ങളായ മനോജൻ.കെ, എ.കെ.സുഭാഷ്, ജില്ലാ സെക്രട്ടറി വൈശാഖ്.വി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സതീഷ് കണ്ടല പ്രവർത്തന റിപ്പോർട്ടും ട്രഷറർ സായൂജ് കൃഷ്ണൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

തുടർന്ന് കാംസഫ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.കെ.സുരേഷിന്റെ അദ്ധ്യക്ഷതയിൽ നടന്ന യാത്രയയപ്പ് സമ്മേളനം ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ ഉദ്ഘാടനം ചെയ്തു. ജോയിന്റ് കൗൺസിൽ മുൻ സംസ്ഥാന സെക്രട്ടറി സുകേശൻ ചൂലിക്കാട്, മുൻ ട്രഷറർ സന്തോഷ് പുലിപ്പാറ, കാംസഫ് മുൻ ജനറൽ സെക്രട്ടറി കെ.വി.രാജീവ്, മുൻ ആലപ്പുഴ ജില്ലാ സെക്രട്ടറി ജി.ഷാജി എന്നിവർക്ക് ജോയിന്റ് കൗൺസിൽ ചെയർമാൻ കെ.ഷാനവാസ്ഖാൻ ഉപഹാര സമർപ്പണം നടത്തി. ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടറി എസ്.സജീവ്, നോർത്ത് ജില്ലാ പ്രസിഡന്റ് ജി.ആർ.രാജീവ്, കാംസഫ് സംസ്ഥാന സെക്രട്ടറി പ്രസാദ് കരുവാളം, സംസ്ഥാന വൈസ് പ്രസിഡന്റ് ഷാജി ജേക്കബ്, സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ അഭിലാഷ്.എസ്, മനോജ് പുതുശ്ശേരി എന്നിവർ പ്രസംഗിച്ചു.

## കെ.എഫ്.ആർ.ഐയിൽ പ്രോജക്ട് ഫെല്ലോമാരുടെ താത്കാലിക ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ 29 ജൂലൈ 2024 വരെ കാലാവധിയുള്ള സമയബന്ധിത ഗവേഷണ പദ്ധതിയായ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് മെയിന്റനൻസ് ഓഫ് ദി സെന്റർ ഫോർ സിറ്റിസൻ സയൻസ് ആൻഡ് ബയോഡൈവേഴ്സിറ്റി ഇൻഫോർമാറ്റിക്സിൽ മൂന്ന് പ്രോജക്ട് ഫെല്ലോയുടെ താത്കാലിക ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

## അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള അസംഘടിത തൊഴിലാളി സമൂഹ്യ സുരക്ഷ ബോർഡിന്റെ എറണാകുളം, മലപ്പുറം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ഒഴിവുള്ള ജില്ലാ ഓഫീസർമാരുടെ തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ ജൂനിയർ സൂപ്രണ്ട്/ തൊഴിൽ വകുപ്പിൽ അസി. ലേബർ ഓഫീസർ ഗ്രേഡ് 2/ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം (ശമ്പള സ്കെയിൽ: 4340091200). മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, കെ.എസ്.ആർ. പാർട്ട്1 റൂൾ144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കണം.

അപേക്ഷകൾ ജനുവരി 10ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേരള അസംഘടിത തൊഴിലാളി സമൂഹ്യ സുരക്ഷ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ബിൽഡിംഗ് റ്റി.സി.നമ്പർ.28/ 2857(1), കുന്നുംപുറം റോഡ് വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 35 എന്ന വിലാസത്തിൽ ലഭിക്കണം.

## ഉപഭോക്ത ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം നാളെ

തിരുവനന്തപുരം: ഉപഭോക്തൃ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ 10ന് ഭക്ഷ്യമന്ത്രി അഡ്വ. ജി ആർ അനിൽ നിർവഹിക്കും. ചൈത്രം ഹോട്ടൽ സമന്വയ ഹാളിൽ വച്ച് നടക്കുന്ന പരിപാടിയിൽ ഗതാഗത വകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു അധ്യക്ഷത വഹിക്കും.

ചടങ്ങിൽ വച്ച് ഉപഭോക്തൃ കേരളം മാസിക, ബോധവൽക്കരണ ലഘുലേഖ എന്നിവയുടെ പ്രകാശനവും ഉപഭോക്തൃ ബോധവൽക്കരണ പരസ്യചിത്രങ്ങളുടെ റിലീസും നവീകരിച്ച ഉപഭോക്തൃ ബോധവൽക്കരണ വാഹനത്തിന്റെ ഫ്ലാഗ് ഓഫും വിശിഷ്ടാതിഥികൾ നിർവഹിക്കും. ഓൺലൈൻ ക്വിസ് മത്സരം, ചിത്രരചന, ഫോട്ടോഗ്രഫി മത്സര വിജയികൾക്കുള്ള സമ്മാനവിതരണവും ഇതോടൊപ്പം നടക്കും. തുടർന്ന് 'പ്ലാസ്റ്റിക് മലിനീകരണ നിയന്ത്രണം' എന്ന വിഷയത്തിൽ സെമിനാർ നടക്കും.

## കൊപ്രയ്ക്ക് 2022 സീസണിലെ താങ്ങുവിലയ്ക്ക് മന്ത്രിസഭ അംഗീകാരം നൽകി

കൊപ്രയ് 2022 സീസണിലെ താങ്ങുവിലയ്ക്ക് (എം.എസ്.പി)ക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അദ്ധ്യക്ഷനായ മന്ത്രിസഭയുടെ സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി.

ശരാശരി ഗുണനിലവാരം (എഫ്.എ.ക്യു)മുള്ള മിൽ കൊപ്രയുടെ താങ്ങുവില 2021 ലെ ക്വിന്റലിന് 10,335/ൽ നിന്ന് 2022 സീസണിൽ 10,590/ രൂപയായി വർദ്ധിപ്പിച്ചു. ഉണ്ട കൊപ്രയുടെ എം.എസ്.പി 2021ലെ ക്വിന്റലിന് 10,600രൂപ എന്നതിൽ നിന്ന് 2022 സീസണിൽ 11,000 രൂപയായും ഉയർത്തി.

അഖിലേന്ത്യാതലത്തിൽ കണക്കാക്കിയിട്ടുള്ള ശരാശരി ഉൽപ്പാദനചെലവിന്റെ 51.85 ശതമാനം മില്ലിംഗ കൊപ്രയ്ക്കും 57.73% ഉണ്ട കൊപ്രയ്ക്കും വരുമാനം ഉറപ്പാക്കുന്നതിനാണ് ഇത്. 201819 ബജറ്റിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത് പോലെ, അഖിലേന്ത്യാതലത്തിലുള്ള ശരാശരി ഉൽപ്പാദനച്ചെലവിന്റെ 1.5 മടങ്ങ് എങ്കിലും എം.എസ്.പിയായി നിശ്ചയിക്കുക എന്ന തത്വത്തിന് അനുസൃതമായാണ് 2022 സീസണിലെ കൊപ്രയുടെ എം.എസ്.പിയിലെ വർദ്ധനവ്,

അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസ് (കൃഷി ചെലവും വിലയും സി.എ.സി.പി) കമ്മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

2022ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള സുപ്രധാനവും പുരോഗമനപരവുമായ ചുവടുവെപ്പുകളിൽ ഒന്നായ ഇത് കുറഞ്ഞത് 50 ശതമാനം ലാഭം ഉറപ്പാക്കുന്നു.

നാളികേരം വളരുന്ന സംസ്ഥാനങ്ങളിൽ താങ്ങുവിലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള കേന്ദ്ര നോഡൽ ഏജൻസികളായി ദേശീയ കാർഷിക സഹകരണ മാർക്കിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡും (നാഷണൽ അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്) ദേശീയ സഹകരണ ഉപഭോക്തൃ ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും (നാഷണൽ കോഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്) തുടർന്നും പ്രവർത്തിക്കും.

## ക്രിസ്മസ് പുതുവത്സര വിപണി: പരിശോധനകൾ ശക്തമാക്കി

ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ ഭക്ഷ്യ പൊതുവിതരണം, ലീഗൽ മെട്രോളജി വകുപ്പുകൾ സംയുക്തമായി കടപ്പാക്കട, പള്ളിമുക്ക്, ചിന്നക്കട മേഖലകളിലെ കടകളിൽ പരിശോധന നടത്തി.

പഴംപച്ചക്കറി, പലവ്യഞ്ജനം, ബേക്കറികൾ തുടങ്ങി 17 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. ക്രമക്കേട് കണ്ടെത്തിയ അഞ്ച് സ്ഥാപനങ്ങൾക്ക് പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശവും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതിരുന്ന സ്ഥാപനങ്ങളിൽ പരിശോധനാ വേളയിൽ തന്നെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചു.

ക്രിസ്മസ്പുതുവത്സരം എന്നിവയോട് അനുബന്ധിച്ചുള്ള പരിശോധനകൾ തുടർന്നും നടത്തുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ റ്റി.ഗാന ദേവി അറിയിച്ചു. പരിശോധനയിൽ ഭക്ഷ്യസുരക്ഷാ ഓഫീസർ എസ്.സംഗീത്, ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ എം.എസ് സന്തോഷ്, താലൂക്ക് സപ്ലൈ ഓഫീസർ ബി. വിൽഫ്രഡ്, ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരായ കെ.ജി സുരേഷ് കുമാർ, ജി.ഗോപകുമാർ, സജു തുടങ്ങിയവർ പങ്കെടുത്തു.

## ഔഷധിയുടെ ഗിഫ്റ്റ് ബോക്സ് വിതരണോദ്ഘാടനം നടന്നു

ക്രിസ്തുമസ് പുതുവത്സരവേളയിൽ 'ആഘോഷത്തോടൊപ്പം ആരോഗ്യം' എന്ന സന്ദേശം പൊതു ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഔഷധിയുടെ മരുന്നുകളടങ്ങിയ ഗിഫ്റ്റ് ബോക്സിന്റെ വിതരണോദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിക്ക് നൽകി നിർവഹിച്ചു. ആയുർവേദ മരുന്ന് നിർമ്മാണ വിപണന രംഗത്ത് ഔഷധി ശക്തമായ സാന്നിധ്യമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത വി. ശിവൻകുട്ടി പറഞ്ഞു. രാജ്യത്തെ പൊതുമേഖലയിലെ ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനമായ ഔഷധി മരുന്ന് വിതരണ രംഗത്തും ശക്തമായി ഇടപെടുമെന്ന് അധ്യക്ഷയായ വീണാ ജോർജ് പറഞ്ഞു. ഔഷധി ബിസിനസ് ഓർഗനൈസർ 2022 ഡയറി വി.കെ. പ്രശാന്ത് എം.എൽ.എ പ്രകാശനം ചെയ്തു. സെക്രട്ടേറിയറ്റ് ലയം ഹാളിൽ നടന്ന ചടങ്ങിൽ ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ. കെ.എസ് പ്രിയ, ഔഷധി എം.ഡി. രഘുനന്ദനൻ വി. മേനോൻ എന്നിവർ പങ്കെടുത്തു.

## ഏകദിന ശിൽപശാലയിൽ രജിസ്റ്റർ ചെയ്യാം

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എറണാകുളം കളമശേരിയിലെ കേരള എൻസ്റ്റിറ്റിയൂട്ട് ഫോർ എന്റർപ്രെണർഷിപ്പ് ഡവലപ്മെന്റ് (ഗകഋഉ) ൽ ജനുവരി 10ന് നടത്തുന്ന 'ഖാദി വ്യവസായം പ്രശ്നങ്ങളും പരിഹാരമാർഗ്ഗവും' എന്ന ഏകദിന ശില്പശാലയിൽ പങ്കെടുക്കാൻ താത്പര്യമുള്ള ഖാദി സ്ഥാപനങ്ങൾ/ വ്യക്തികൾക്ക് se-cr-e-tary@k-kv-i-b.or-g എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യാം.

## സംരംഭകരെ സഹായിക്കാൻ സർക്കാരിന്റെ സഹായഹസ്തം എന്നുമുണ്ടാകും: മന്ത്രി കെ.എൻ. ബാലഗോപാൽ

പുതിയ ആശയങ്ങളുമായി വരുന്ന സംരംഭകരെ സഹായിക്കാനായി സംസ്ഥാന സർക്കാരിന്റെ സഹായഹസ്തങ്ങൾ എന്നുമുണ്ടാകുമെന്നു ധനമന്ത്രി കെ.എൻ. ബാലഗോപാൽ. സാധാരണക്കാർക്കു തൊഴിലും വരുമാനവും സൃഷ്ടിക്കുക എന്ന പരമപ്രധാന ദൗത്യം നിർവഹിക്കാൻ പുതുസംരംഭങ്ങൾ കൂടുതലായി ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ രണ്ടാം പതിപ്പിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ(കെ.എഫ്.സി) നിലവിൽ 4,500 കോടി രൂപയോളം വായ്പ നൽകിയിട്ടുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഇത് 10,000 കോടി രൂപയിലേക്കെത്തിക്കുക എന്നതാണു ലക്ഷ്യം. ജനസൗഹാർദമായി ഈ ദൗത്യം നിർവഹിക്കാൻ കെ.എഫ്.സിക്കു കഴിയണം. ഇതിനായി കൂടുതൽ നൂതന പദ്ധതികൾ കെ.എഫ്.സി. ആവിഷ്കരിക്കണം. കാർഷികോത്പാദന രംഗത്തും നിർമാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മചെറുകിട യന്ത്രങ്ങൾ നിർമിക്കുന്ന വ്യവസായത്തിൽ സ്റ്റാർട്ടപ്പുകൾ മുന്നോട്ടുവരണം. ഇത്തരം വ്യവസായങ്ങളെ വികസിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധവയ്ക്കുമെന്നും മന്ത്രി പറഞ്ഞു.

ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കു കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥയിലും വായ്പ ലഭ്യമാക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണു മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ രണ്ടാം പതിപ്പ് ആരംഭിച്ചിരിക്കുന്നത്. ഇതു പ്രകാരം സംരംഭകർക്ക് ഒരു കോടി രൂപ വരെ അഞ്ചു ശതമാനം പലിശ നിരക്കിൽ വായ്പ നൽകും. മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു. കെ.എഫ്.സി. ചെയർമാനും മാനേജിങ് ഡയറക്ടറുമായ സഞ്ജയ് കൗൾ, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കെ.എഫ്.സി എക്സിക്യൂട്ടിവ് ഡയറക്ടർ പ്രേംനാഥ് രവീന്ദ്രനാഥ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു

# ഒറ്റ പദ്ധതി വഴി 20537 തൊഴിൽ ദിനങ്ങൾ തൊഴിലുറപ്പ് ഡയറക്ടർ

ജില്ലയിൽ നടപ്പിലാക്കുന്ന തലച്ചിറ ബണ്ട് നിർമാണം വഴി 20537 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കുകയെന്ന് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ ബി. അബ്ദുൽ നാസർ.

മുഖത്തല ബ്ലോക്കിൽപ്പെട്ട തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡായ ചേരിക്കോണത്ത് സന്ദർശനം നടത്തി പുരോഗതി വിലയിരുത്തവെയാണ് 76,19,343.00 രുപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് തൊഴിൽ നൽകിയുള്ള വരുമാന വർധനയുടെ സാധ്യത അറിയിച്ചത്. ഒരേ സമയം നൂറിലധികം തൊഴിലാളികളെ ഉപയോഗിച്ചാണ് നിർമാണം നടത്തുക. 8,14,080 രൂപ അവിദഗ്ധ തൊഴിൽ വേതനമായി നൽകാനാകും. 6,22,440.00 രൂപയുടെ കയർ ഭൂവസത്രവും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജില്ലയിലെ ഏറ്റവും വലിയ പാടശേഖരങ്ങളിലൊന്നായ പെരുങ്കുളം ഏലായിലേക്ക് ജലസേചനത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്ന മണ്ണ് അണക്കെട്ടായിരുന്നു ഇവിടുത്തേത്. ഇതിന്റെ റിസർവോയറിൽ വർഷങ്ങളായി അടിഞ്ഞുകൂടിയ മണ്ണ് സംഭരണ ശേഷി കുറയുന്നതിനിടയാക്കി. റർബൻ മിഷനിൽ ഉൾപ്പെടുത്തി മൈനർ ഇറിഗേഷൻ വകുപ്പ് റിസർവോയറിനുള്ളിലെ മണ്ണ് നീക്കം ചെയ്യുകയായിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി അതേ മണ്ണ് ഉപയോഗിച്ച് റിസർവോയറിനു ചുറ്റും ബണ്ട് നിർമ്മിക്കുകയാണ്.

ബണ്ട് നിർമ്മിച്ചതിനു ശേഷം കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതും പ്രവർത്തിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

നവീകരണം വഴി സമീപ പ്രദേശങ്ങളിലെ ജലനിരപ്പ് ഉയരുന്നത് കാർഷിക മേഖലക്ക് കൂടുതൽ പ്രയോജനകരമാകും. അവിദഗ്ധ തൊഴിൽ മേഖലയിൽ തൊഴിൽ നൽകുന്നതു വഴി ദാരിദ്യ ലഘൂകരണത്തിന് കൂടി വഴിയൊരുങ്ങും.

ബണ്ട് നിർമ്മാണം പൂർത്തിയാകുന്നതോടെ വിനോദസഞ്ചാര മേഖലയ്ക്ക് പ്രയോജനകരമാകുമെന്ന് ഡയറക്ടർ വ്യക്തമാക്കി.

# കിടപ്പുരോഗികളുടെ ജീവൻ രക്ഷാ ഉപകരണം: സൗജന്യ വൈദ്യുതി വിതരണ പദ്ധതി കാര്യക്ഷമമാക്കും

വീടുകളിലെ കിടപ്പു രോഗികളുടെ ജീവൻരക്ഷാ ഉപകരണങ്ങൾക്ക് വേണ്ടിവരുന്ന വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകുന്ന പദ്ധതി കാര്യക്ഷമമാക്കുമെന്ന് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചു.

പദ്ധതിയുടെ ഇളവുകൾ സംബന്ധിച്ച് ഫീൽഡ് ജീവനക്കാരുടെ ഇടയിൽ ചില ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കണം. കെ.എസ്.ഇ.ബി.എൽ ആസ്ഥാനത്ത് ഡിസ്ട്രിബ്യൂഷൻ വിഭാഗം ഓഫീസർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ സർക്കാരിന്റെ മികവുറ്റ പ്രവർത്തനങ്ങളുടെ പിൻതുടർച്ചയായി വൈദ്യുതി വകുപ്പ് ഒട്ടനവധി കർമ്മ പദ്ധതികൾ നടപ്പാക്കി വരികയാണ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 429.09 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി. ആഭ്യന്തര വൈദ്യുതി ഉത്പാദന ശേഷിയിൽ 65 മെഗാവാട്ട് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആദിവാസി കോളനികളുടെയും അംഗനവാടികളുടെയും വൈദ്യുതീകരണം പുരോഗമിക്കുന്നു. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാനായി കഴിഞ്ഞ ആറു മാസത്തിനകം 13,242 കി.മി. പഴയ കണ്ടക്ടർ മാറ്റി സ്ഥാപിച്ചു. സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെ പതിനായിരം കോടി രൂപയുടെ നിക്ഷേപ സാധ്യതയുള്ള ആർ.ഡി.എസ്.എസ് പദ്ധതിയുടെ രൂപരേഖ അന്തിമ ഘട്ടത്തിലാണെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ പ്രളയ കാലത്തുണ്ടായ നാശനഷ്ടങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് അഹോരാത്രം പ്രയത്നിച്ച ജീവനക്കാരെ മന്ത്രി അഭിനന്ദിച്ചു.

യോഗത്തിൽ കെ.എസ്.ഇ.ബി.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബി. അശോക്, ഡയറക്ടർമാരായ സുകു ആർ, മിനി ജോർജ്ജ്, സിജി ജോസ്, രാധാകൃഷ്ണൻ വി, രാജൻ ജോസഫ്, രാജ്കുമാർ എസ് എന്നിവർ സംസാരിച്ചു.



മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി രണ്ടാം പതിപ്പിന്റെ ഭാഗമായി കെ.എഫ്.സി. സ്റ്റാർട്ടപ്പുകൾക്കു നൽകുന്ന വായ്പാ അനുമതി പത്രത്തിന്റെ വിതരണോദ്ഘാടനം ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു

# മുഖം നോക്കാതെയുള്ള പോരാട്ടം



പശ്ചിമഘട്ട സംരക്ഷണത്തിലടക്കം പി.ടിക്ക് അദ്ദേഹത്തിൻറേതായ നിലപാടുണ്ടായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ അദ്ദേഹത്തിനു വിട്ടുവീഴ്ചകളില്ല. വീറോടെ എടുക്കുന്ന നിലപാടുകളിൽ ഒരു മയവുമില്ല. ശരി എന്നു തോന്നുന്നത് വിളിച്ചുപറയുന്നതിന് ഒരു മടിയുമുണ്ടായിരുന്നില്ല. അത് പാർട്ടിക്കകത്താണെങ്കിലും പുറത്താണെങ്കിലും. ചില കാര്യങ്ങളിൽ അദ്ദേഹവുമായി അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിലും അത് അദ്ദേഹം വിശ്വസിക്കുന്ന വിഷയത്തിലെ ആത്മാർഥതകൊണ്ടാണെന്ന് എനിക്ക് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ആ ഭിന്നതകൾ സ്ഥായിയായിരുന്നില്ല.

അദ്ദേഹത്തിൻറെ വിവാഹം പോലും അക്കാലത്ത് വിപ്ലവമായിരുന്നു. വ്യക്തിപരമായ ലാഭനഷ്ടങ്ങൾ ഒരിക്കലും നോക്കിയിട്ടുമില്ല. കേരളം രാഷ്ട്രീയത്തിന് അതീതമായി പിടിയെ ഇഷ്ടപ്പെടാൻ കാരണം ഈ നിലപാടുകളാണ്.

കോൺഗ്രസിൻറെ പോരാട്ട ചരിത്രത്തിലെ ഒരു സുവർണ അധ്യായമാണ് അടയുന്നത്. വരുംതലമുറകൾ ഈ പോരാട്ടം ഏറ്റെടുക്കുമ്പോൾ പിടിയുടെ ജന്മം സഫലമാകുകയാണ്. അപ്രതീക്ഷിത വിയോഗത്തിൻറെ ആഘാതം താങ്ങാൻ അദ്ദേഹത്തിൻറെ കുടുംബാംഗങ്ങൾക്ക് കഴിയട്ടെയെന്ന് പ്രാർഥിക്കുന്നു.

പി.ടി വിദ്യാർഥി നേതാവായിരിക്കുമ്പോൾതന്നെ പുറത്തെടുത്തു. കെ. കരുണാകരൻ മുഖ്യമന്ത്രിയും പി.ടി. തോമസ് കെഎസ്‌യു പ്രസിഡൻറുമായിരിക്കുമ്പോൾ നടന്ന കെഎസ്‌യു സംസ്ഥാന ക്യാമ്പിൽ സർക്കാർ വിദ്യാഭ്യാസ മേഖലയെ സ്വകാര്യവത്കരിക്കുന്നതിനെതിരേ പിടി നിലപാടെടുത്തു.

പ്രായോഗിക രാഷ്ട്രീയത്തിൻറെ അജ്ഞതകൊണ്ടാണ് പിടി ഈ നിലപാട് എടുക്കുന്നതെന്നും കൊക്കിനു ജീവനുണ്ടെങ്കിൽ നടപ്പാക്കിയിരിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ കെഎസ്‌യുവിൻറെ പോരാട്ടം നേരിടാൻ തയാറായിക്കോ എന്നു പി.ടിയും തിരിച്ചടിച്ചു.

നാലു തവണ എംഎൽഎയും ഒരു തവണ എംപിയുമായത് കടുത്ത പോരാട്ടങ്ങളിലൂടെ. ഓരോ തെരഞ്ഞെടുപ്പും വലിയ വെല്ലുവിളി തന്നെയായിരുന്നു. സംഘാടന മികവുകൊണ്ടാണ് അദ്ദേഹം കടുകട്ടി സീറ്റുകളിൽ ജയിച്ചുവന്നത്.

എല്ലാക്കാലത്തും ഫൈറ്റ് ചെയ്താണ് താൻ മുന്നേറിയതെന്ന് പി.ടി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അരൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ പി.ടി. തോമസിനായിരുന്നു ചുമതല. അദ്ദേഹം അന്നു നടത്തിയ ഏകോപനം വിസ്മയിപ്പിക്കുകയും യുഡിഎഫ് നല്ല വിജയം നേടുകയും ചെയ്തു.

സാംസ്കാരിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഠനം നടത്താൻ നിയോഗിക്കപ്പെട്ടതും തോമസാണ്. അന്ന് സംസ്ഥാനം മുഴുവൻ യാത്ര ചെയ്ത് ചെറുതും വലുതുമായ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പഠിക്കുകയും ഗ്രാൻറ് നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തു.

വിശ്വസിക്കുന്ന ആദർശങ്ങളിൽനിന്നു വ്യതിചലിക്കാതെയുള്ള നിലപാട്, വഹിക്കുന്ന പദവിയോടുള്ള പ്രതിബദ്ധത, ആഴത്തിലുള്ള പഠനം, ഒരിക്കൽ പരിചയപ്പെട്ടവരെ ഓർത്തിരിക്കാനുള്ള കഴിവ്, കഠിന പ്രയത്നം, സ്ഥിരോത്സാഹം. അതായിരുന്നു സുഹൃത്തുക്കളും സഹപ്രവർത്തകരും പി.ടി എന്ന രണ്ടക്ഷരത്തിൽ വിളിക്കുന്ന പി.ടി. തോമസ്. അദ്ദേഹം സഹപ്രവർത്തകൻ മാത്രമല്ല, എനിക്ക് ഇളയസഹോദരനെപ്പോലെയാണ്. ഈ വിയോഗം അപ്രതീക്ഷിതവും ഏറെ വേദനാജനകവുമാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നവർക്ക് ഈ വിയോഗം ഉൾക്കൊള്ളാൻ ഏറെ കാലം വേണ്ടിവരും.

ഇടുക്കി ജില്ലയിലെ ഉപ്പുതോട് എന്ന ഗ്രാമത്തിൽനിന്ന് 20 കിലോമീറ്റർ നടന്നാണ് പി.ടി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. അന്നു തൊട്ടേ കഠിനാധ്വാനവും സ്ഥിരോത്സാഹവും കൈമുതൽ. ആ ഗ്രാമമാണ് പി.ടിയെ ഒരു പോരാളിയായി നഗരത്തിലേക്കു യാത്രയാക്കിയത്. അതു കോൺഗ്രസിൻറെ മുതൽക്കൂട്ടായി മാറുകയും ചെയ്തു.

1970കളിൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽ പ്രീ ഡിഗ്രി പഠനത്തിന് എത്തിയ പി.ടിയോട് അന്നുമുതൽ ഇഷ്ടമായിരുന്നു. മാർ ഈവാനിയോസിൽ കോളജ് യൂണിയൻ സെക്രട്ടറിയായ പി.ടി, വരാനിരിക്കുന്ന പോരാട്ടങ്ങളുടെ സൂചന നല്കി. തൊടുപുഴ ന്യൂമാൻസിൽ ചെയർമാനും മഹാരാജാസ് കോളജിൽ കൗൺസിലറുമായി പി.ടി തൻറെ രാഷ്ട്രീയപോരാട്ടങ്ങൾക്ക് മൂർച്ച കൂട്ടി.

കെഎസ്‌യുവിലൂടെ തുടങ്ങി കെപിസിസി വർക്കിംഗ് പ്രസിഡഡൻറ് വരെ എത്തിയ രാഷ്ട്രീയ ജീവിതം. പി.ടി. തോമസിന് കോൺഗ്രസ് ജീവവായു ആയിരുന്നു. എതിരാളികളുടെ മർദനവും പോലീസ് മർദനവുമൊക്കെ പലവട്ടം ഏറ്റുവാങ്ങിയാണ് പി.ടി എന്ന ജനനേതാവ് ഉദയംചെയ്തത്. കോൺഗ്രസ് ഉയർത്തിപ്പിടിച്ച മതേതര ജനാധിപത്യമൂല്യങ്ങൾ ഹൃദയത്തോട് അദ്ദേഹം ചേർത്തുപിടിച്ചു. അതത്ര അനായാസം ആയിരുന്നില്ല.

ഇടുക്കിയിൽ തൊടുപുഴ ന്യൂമാൻ കോളജും കട്ടപ്പന ജൂണിയർ കോളജും മാത്രമുണ്ടായിരുന്ന കാലയളവിലാണ് പി.ടി. തോമസ് കെഎസ്‌യു ജില്ലാ പ്രസിഡൻറായത്. അക്കാലത്ത് ജില്ലയിലെ സ്കൂളുകൾ തോറും കയറിയിറങ്ങി കെഎസ്‌യു യൂണിറ്റുകൾ സ്ഥാപിക്കുക മാത്രമായിരുന്നില്ല, ഇടുക്കിയിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി നിരന്തരം പോരാടുകയും ചെയ്തു.

പി.ടി സംസ്ഥാന പ്രസിഡൻറായിരുന്നപ്പോഴാണ് കെഎസ്‌യു അതിൻറെ മുഴുവൻ പോരാട്ടവീര്യവും പുറത്തെടുത്തത്. സംഘടനയുടെ സുവർണകാലഘട്ടം ആയിരുന്നു അത്. സ്ഥിരമായി ക്യാമ്പുകൾ നടത്തി വിദ്യാർഥികളെ പരിവർത്തനോന്മുഖരാക്കി.

## ആയോധന കലകളുടെ സർട്ടിഫിക്കറ്റ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് 2022 ജനുവരിയിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറു മാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്,കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ അംഗീകൃത പഠന കേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്. ആർ. സി ഓഫീസിൽ ലഭിക്കും. വിലാസം ഡയറക്ടർ,സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം,വികാസ് ഭവൻ തിരുവനന്തപുരം33. https:/s/rccc.in/down-lo-a-d ലിങ്കിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. വിശദാംശങ്ങൾ www.srcc.in വെബ്സൈറ്റിൽ ലഭിക്കും. അവസാന തീയതി ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447683169, 04712325101, 2325102 നമ്പരിലും ലഭിക്കും.

## പേട്ട പാലത്തിലൂടെ ബസ് സർവീസ് നാളെ മുതൽ പുനരാരംഭിക്കും: മന്ത്രി ആന്റണി രാജു

തിരുവനന്തപുരം: പേട്ട മേൽപ്പാലത്തിലൂടെ നാളെ മുതൽ കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കുമെന്ന് ഗതാഗതമന്ത്രി ആന്റണിരാജു അറിയിച്ചു. അപ്രോച്ച് റോഡ് ഇടിഞ്ഞതിനെ തുടർന്ന് പേട്ട മേൽപ്പാലത്തിലൂടെയുള്ള വാഹന ഗതാഗതം നേരത്തെ തടഞ്ഞിരുന്നു. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തിയായതിനെ തുടർന്ന് ഒരുമാസം മുമ്പ് ചെറിയ വാഹനങ്ങൾ മാത്രം കടത്തിവിട്ട് തുടങ്ങിയിരുന്നു. അറ്റകുറ്റപ്പണികൾ പൂർത്തിയായതിനാൽ നാളെ മുതൽ കെഎസ്ആർടിസി ബസ് മേൽപ്പാലത്തിലൂടെ സർവീസ് നടത്തും.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിലുള്ള എസ്ആർസി കമ്മ്യൂണിറ്റി കോളജ് ബ്യൂട്ടികെയർ ആന്റ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പന്ത്രണ്ടാം ക്ലാസ് ആണ് യോഗ്യത.

വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. സ്വയം പഠന സാമഗ്രികൾ, സമ്പർക്ക ക്ലാസുകൾ, പ്രാക്ടിക്കൽ ട്രെയിനിങ് എന്നിവ കോഴ്സിന്റെ ഭാഗമായിലഭിക്കും.

കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപറേഷൻ, സ്റ്റേറ്റ് റിസേഴ്സ് സെന്റർ എന്നിവ സംയുക്തമായി നൽകുന്ന സർട്ടിഫിക്കറ്റുകൾ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് **www-s.r-c-c-c.in**. ഫോൺ: 9633144858, 9633144868,9447151615.

## വാക്ക് ഇൻ ഇന്റർവ്യൂ

എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ സംരംഭമായ ദേശീയ എസ്.സിഎസ്.ടി ഹബിന്റെ സഹായത്തോടെ സംസ്ഥാനത്തെ പത്താം ക്ലാസ് പാസായതും 18 വയസ് പൂർത്തിയായതുമായ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായി നടത്തുന്ന കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നീഷ്യൻ ത്രൈമാസ ഡിപ്ലോമ കോഴ്സിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

കിലയുടെ നേതൃത്വത്തിൽ ചവറ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലാണ് കോഴ്സ് നടത്തുന്നത്.

പ്രവേശനമാഗ്രഹിക്കുന്നവർ 23, 24 തീയതികളിലായി (രാവിലെ 11 മണിമുതൽ) കൊട്ടാരക്കര കില സി എച്ച് ആർ ഡി യിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ആവശ്യമായ രേഖകൾ സഹിതം പടങ്കെടുക്കണം. കോഴ്സ് ഫീ സൗജന്യം.

## ഡോ. കെ ജോർജ് വർഗീസിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ദന്താരോഗ്യ മേഖലയിലും സാമൂഹ്യ ശാസ്ത്ര, വിദ്യാഭ്യാസ മേഖലയിലുമുള്ള സ്തുത്യർഹമായ സേവനം പരിഗണിച്ച് കോട്ടയം ഗവൺമെന്റ് ഡെന്റൽ കോളേജ് മുൻ പ്രിൻസിപ്പലും നിലവിൽ തിരുവല്ല പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസിലെ പ്രിൻസിപ്പലുമായ ഡോ. കെ ജോർജ് വർഗീസിനെ കേരള ഡെന്റൽ കൗൺസിൽ നൽകുന്ന ഈ വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് തെരഞ്ഞെടുത്തു.

## തൊഴിൽ മേളയിലൂടെ 64 വനിതകൾക്ക് തൊഴിൽ 324 പേർ ചുരുക്കപ്പട്ടികയിൽ

തിരുവനന്തപുരം: നഷ്ടപ്പെട്ട തൊഴിൽ ജീവിതം വീണ്ടെടുക്കുകയെന്ന ലക്ഷ്യത്തോടെ കേരള നോളജ് ഇക്കണോമി മിഷൻ തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച 'ബാക്ക് ടു കരിയർ' തൊഴിൽ മേളയിൽ 64 വനിതകൾ വിവിധ കമ്പനികളിലേക്ക് ജോലിക്കായി തെരഞ്ഞെടുക്കപ്പെട്ടു. 324 പേർ ചുരുക്കപ്പട്ടികയിൽ ഇടംനേടി. 813 പേരായിരുന്നു ചൊവ്വാഴ്ച പൂജപ്പുര എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന തൊഴിൽ മേളയിൽ പങ്കെടുത്തത്.

കരിയർ ബ്രേക്ക് സംഭവിച്ച വനിതകളെ പ്രൊഫഷണൽ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കുകയെന്ന ഉദ്ദേശത്തോടെയാണ് കേരള നോളജ് ഇക്കണോമി മിഷൻ സ്ത്രീകൾക്ക് മാത്രമായി മേള സംഘടിപ്പിച്ചത്. ഫുൾ ടൈം, പാർട്ട് ടൈം, വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, ഗിഗ് എന്നിങ്ങനെ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ രീതിയിൽ തൊഴിൽ തെരഞ്ഞെടുക്കുന്നതിനുള്ള അവസരവും മേളയിലൂടെ ലഭിച്ചു.

കേരളത്തിൽ അടുത്ത അഞ്ചു വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കണോമി വിവിധ ജില്ലകളിലായി മേളകൾ സംഘടിപ്പിക്കുന്നത്.

## 645 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം: ജില്ലയിൽ ഇന്നലെ 645 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. 782 പേർ രോഗമുക്തരായി. 7.9 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. രോഗം സ്ഥിരീകരിച്ച് 5,230 പേർ ചികിത്സയിലുണ്ട്.

## പരമ്പരാഗത വ്യവസായ മേഖലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈത്താങ്ങാവും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനമായ കയർ വ്യവസായത്തിന് കൈത്താങ്ങാവുന്ന നടപടികളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നോട്ടുപോവുകയാണെന്നും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടുകൾക്ക് വേണ്ടി കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് ഉപയോഗിക്കാൻ നിർദേശം നൽകിയത് അതിന്റെ ഭാഗമായാണെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ചട്ടികളും ഗ്രോബാഗും കവറുകളുമാണ് ഉപയോഗിച്ച് വരുന്നത്. ഉപയോഗശൂന്യമാവുമ്പോൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയാണ് ഇവ. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ കൃഷി ചെയ്താൽ പാരിസ്ഥിതികമായ ഒരു പ്രശ്നവും ഉണ്ടാവാൻ സാധ്യതയില്ല. പരിസ്ഥിതി സൗഹൃദപരമായ നിലപാടിനൊപ്പം കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി കൂടിയാണ് സർക്കാർ ഈ തീരുമാനവുമായി മുന്നോട്ടുപോവുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടത്തിലും അല്ലാതെയും മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഏറോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിൽ മീഡിയനായി ഉപയോഗിക്കുന്ന കൊക്കോ ഗ്രീൻ, കയർ പിത്ത് കമ്പോസ്റ്റ് കൊക്കോ ഫെർട്ട്, കൊക്കോ പോട്ട് എന്നീ ഉൽപ്പന്നങ്ങൾ ടെൻഡറോ, കൊട്ടേഷനോ കൂടാതെ കയർഫെഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിനായും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. നിലവിലുള്ള മാർക്കറ്റ് റേറ്റിനെക്കാൾ കൂടുതൽ നിരക്ക് ഇല്ലെന്ന് ഉറപ്പുവരുത്തിയാവണം വിപണനം നടത്തേണ്ടതെന്ന് മന്ത്രി പറഞ്ഞു. ഭൂസംരക്ഷണത്തിനും തണ്ണീർത്തട പദ്ധതികളുടെ ഭാഗമായും നിലവിൽ കയർഭൂവസ്ത്രങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കയർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന പ്രവണത വളർത്തുന്നതിലൂടെ കയർ വ്യവസായത്തെയും അതുവഴി ഉപജീവനം നടത്തുന്ന തൊഴിലാളികളെയും സംരക്ഷിക്കാനാണ് തദ്ദേശ സ്വയംഭരണ വകുപ്പും സംസ്ഥാന സർക്കാരും ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

## അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ ആംനെസ്റ്റി സ്കീം നടപ്പിലാക്കും : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാനും നികുതി പിരിവ് മെച്ചപ്പെടുത്താനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പുതിയ ആംനെസ്റ്റി സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് വഴി 25 കോടിയോളം രൂപ പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി അറിയിച്ചു.

1996 വരെയുള്ള കുടിശ്ശികയുടെ 75 ശതമാനം അടയ്ക്കുകയാണെങ്കിൽ മുഴുവൻ പലിശയും പിഴപ്പലിശയും മുതലിന്റെ 25 ശതമാനവും ഒഴിവാക്കി നൽകും. 1996 മുതൽ 2000 വരെയുള്ള കുടിശ്ശികകൾക്ക് മുതലിന്റെ 90 ശതമാനം അടച്ചാൽ പലിശയും പിഴപ്പലിശയും മുതലിന്റെ 10 ശതമാനവും ഒഴിവാക്കി നൽകും. 2000ത്തിനും 2012നും ഇടയിലുള്ള കുടിശ്ശികകൾക്ക് മുതൽ തുക പൂർണമായും അടച്ചാൽ പലിശയും പിഴപ്പലിശയും ഒഴിവാക്കും. ആംനെസ്റ്റി സ്കീം പ്രയോജനപ്പെടുത്താത്തവർക്കെതിരെ ശക്തമായ നിയമനടപടികളുമായി മുന്നോട്ടുപോവും. സ്കീം ഉപയോഗപ്പെടുത്തുന്നവരോട് ഭാവിയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കോടതിയിൽ കേസുകൾ നൽകില്ലെന്ന സത്യവാങ്മൂലം ആവശ്യപ്പെടും. അവർ നിലവിലുള്ള അബ്കാരി കുടിശ്ശിക സംബന്ധിച്ച കേസുകളെല്ലാം പിൻവിക്കുക്കണമെന്നും മന്ത്രി പറഞ്ഞു.

ആംനെസ്റ്റി സ്കീമിൽ അപേക്ഷ നൽകാൻ 2022 ആഗസ്ത് 31വരെ സമയം നൽകും. ഡിസ്റ്റിലറികൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, കെ എസ് ബി സി എന്നിവിടങ്ങളിലെ കോസ്റ്റ് ഓഫ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശികകൾ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തില്ല.

## കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റയാൾ മരിച്ചു

വെള്ളരിക്കുണ്ട്(കാസർഗോഡ്): കാട്ടുപന്നിയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ഒന്നരമാസത്തോളമായി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഗൃഹനാഥൻ മരിച്ചു.

വെള്ളരിക്കുണ്ട് പാത്തിക്കരയിലെ കൊച്ചുമറ്റത്തിൽ കെ.യു. ജോൺ (ജോയി60) ആണ് മരിച്ചത്. മംഗളൂരു കെഎംസി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ജോയി ചൊവ്വാഴ്ച രാത്രി 12 ഓടെയാണ് മരിച്ചത്.

നവംബർ ഒന്നിന് പുലർച്ചെ 5.30നാണ് ബളാൽ അത്തിക്കടവിലെ പൈങ്ങോട്ട് ഷിജുവിൻറെ വീട്ടുപറമ്പിൽ വച്ച് ജോണിന് കാട്ടുപന്നിയുടെ കുത്തേറ്റത്. ഒരു രാത്രി മുഴുവൻ വീട്ടിലെ വളർത്തുനായയുമായി ഏറ്റുമുട്ടിയ പന്നി ഒരുതരത്തിലും ഒഴിഞ്ഞു പോകാതിരുന്നപ്പോൾ ഷിജു പന്നിയെ വെടിവയ്ക്കാൻ വനംവകുപ്പിൻറെ അനുമതി തേടുകയും തോക്ക് ലൈസൻസുള്ള ജോണിനെ വിളിച്ചുവരുത്തുകയായിരുന്നു. അപകടകാരിയായ പന്നിക്ക് നേരെ ജോൺ ആദ്യം നിറയൊഴിച്ചു. കഴുത്തിന് വെടിയേറ്റ പന്നി തൻറെ നേർക്ക് കുതിച്ചെത്തിയപ്പോൾ രണ്ടാമത് നിറയൊഴിക്കാനുള്ള സമയം ലഭിച്ചില്ല. പന്നി ജോണിനെ കുത്തിവീഴ്ത്തി ദേഹത്തേക്ക് മറിഞ്ഞുവീഴുകയായിരുന്നു.

ആക്രമണത്തിൽ ജോണിൻറെ നട്ടെല്ലിനും കാലുകൾക്കും ഗുരുതരമായി പരിക്കേറ്റിരുന്നു. ഭാര്യ: സെലിനാമ്മ കൈതോലിൽ കുടുംബാംഗമാണ്. മക്കൾ: ജോബിൻ, ജോമിറ്റ്. മരുമക്കൾ: ജോമി പള്ളുരുത്തി (നർക്കിലക്കാട്), സുധീഷ് മേടയ്ക്കൽ (കിളിയന്തറ). സംസ്കാരം ഇന്നു പത്തിന് വെള്ളരിക്കുണ്ട് ചെറുപുഷ്പം ഫൊറോനാ ദേവാലയത്തിൽ.

പിന്നീട് ലോക്സഭാംഗമായപ്പോഴും മുല്ലപ്പെരിയാർ പ്രശ്നം നന്നായി അവതരിപ്പിക്കാൻ കഴിഞ്ഞു. നിയമസഭയിലും പാർലമെൻറിലും വിഷയങ്ങൾ നന്നായി പഠിച്ച് അതിശക്തമായി അവതരിപ്പിച്ച് മികച്ച പാർലമെൻറേറിയൻ എന്ന ഖ്യാതി നേടി.



ഔഷധിയുടെ മരുന്നുകൾ ഉൾപ്പെടുന്ന ഗിഫ്റ്റ് ബോക്സിന്റെ വിതരണോദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിക്ക് നൽകി നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.